# File No.LSGD-FM2/163/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - ഉത്തര മലബാർ ജലോത്സവം 2019 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക സംഭാവന ചെയ്യുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2416/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/10/2019**

---

പരാമർശം:- തൃക്കരിപ്പൂർ എം.എൽ.എ ശ്രീ.എം.രാജഗോപാലിന്റെ 28/08/2019 ലെ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ തേജസ്വിനി പുഴയിൽ 2019 ഒക്ടോബർ 2 ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, നിലേശ്വരം മുനിസിപ്പാലിറ്റി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, ജനകീയ സംഘാടക സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ഉത്തര മലബാർ ജലോത്സവത്തിന്റെ നടത്തിപ്പിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ജില്ലാ പഞ്ചായത്തിൽ നിന്ന് 50,000/- രൂപയും മുനിസിപ്പാലിറ്റികളിൽ നിന്ന് 50,000/- രൂപയും ആതിഥേയ തദ്ദേശ സ്വയംഭരണ സ്ഥാപനമായ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 50,000/- രൂപയും മറ്റു ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 25,000/- രൂപയും വീതം നൽകുന്നതിനുള്ള അനുമതി പരാമർശ കത്ത് പ്രകാരം തൃക്കരിപ്പൂർ എം.എൽ.എ ശ്രീ.എം.രാജഗോപാൽ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ തേജസ്വിനി പുഴയിൽ വച്ച് 2019 ഒക്ടോബർ 2 ന് നടന്ന ഉത്തര മലബാർ ജലോത്സവത്തിന്റെ ചെലവുകൾക്കായി കാസർ ഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ജില്ലാ പഞ്ചായത്തിന്റെയും, മുനിസിപ്പാലിറ്റികളുടെയും, ആതിഥേയ തദ്ദേശ സ്വയംഭരണ സ്ഥാപനമായ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെയും തനത് ഫണ്ടിൽ നിന്നും 50,000/- (അൻപതിനായിരം) രൂപ വീതവും, ജില്ലയിലെ മറ്റു ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി, നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

സെക്രട്ടറി, കാസർഗോഡ് ജില്ലാപഞ്ചായത്ത്

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് മുഖാന്തരം)

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Romeela

സെക്ഷൻ ഓഫീസർ